"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – മാലിന്യമുക്തം നവകേരളം –നാഷണൽ സർവ്വീസ് സ്കീം(എൻ.എസ്.എസ്)- പങ്കാളിത്തത്തോടെ സ്നേഹാരാമങ്ങൾ നിർമ്മിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1889/2023/LSGD തീയതി, തിരുവനന്തപുരം, 23-09-2023

പരാമർശം:-

1. ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.05.2023-ന് നടന്ന യോഗ തീരുമാനം
2. 20.05.2023 ലെ സ.ഉ. (സാധാ) നം.1068/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 22.05.2023 ലെ സ.ഉ (സാധാ) നം.1081/ 2023/ തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി പരാമർശം (1), (3) പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് നാഷണൽ സർവ്വീസ് സ്കീമിന്റെ *(എൻ.എസ്.എസ്)*-ന്റെ നേതൃത്വത്തിൽ വിപുലമായ പ്രവർത്തന പരിപാടി ആവിഷ്കരിക്കുന്നുണ്ട്. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി കണ്ടെത്തിയ 3 0 0 0 ഗാർബേജ് വൾണറബിൾ പോയിന്റുകൾ സൗന്ദര്യവത്കരിച്ച്, സ്നേഹാരാമങ്ങളാക്കി മാറ്റുന്ന പദ്ധതി ആണ് എൻ.എസ്.എസ് ഈ വർഷത്തെ പ്രധാന പരിപാടി ആയി ഏറ്റെടുത്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന ഗാർബേജ് വൾണറബിൾ പോയിന്റുകളോ അല്ലെങ്കിൽ മാലിന്യം കെട്ടി കിടക്കുന്നതോ ആയ പ്രദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കണ്ടുപിടിച്ച്, സ്ഥാപനത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്ന എൻ.എസ്.എസ് യൂണിറ്റിന് കൈമാറേണ്ടതാണ്. പച്ചത്തുരുത്ത്, ചുമർ ചിത്രം, വെർട്ടിക്കൽ ഗാർഡൻ, പാർക്ക്, തണലിടം (വിശ്രമസംവിധാനം) , സ്ക്രാപ്പ്/അജൈവ പാഴ്വസ്തുക്കൾ കൊണ്ടുള്ള ഇൻസ്റ്റലേഷൻ എന്നിങ്ങനെ വോളന്റിയർമാർമാരുടെ സർഗാത്മകത കാഴ്ചവെക്കാൻ കഴിയുന്ന തരത്തിൽ ആകർഷണീയത പ്രസ്തുത പ്രദേശത്ത് കൊണ്ടുവരാൻ സാധിക്കണം. ഇത്തരത്തിൽ ശുചീകരണം നടത്തി സ്നേഹാരാമങ്ങൾ നിർമിക്കുന്നതിന് സംസ്ഥാന ശുചിത്വ മിഷനിൽ നിന്ന് 5000 രൂപ പ്രസ്തുത എൻ.എസ്.എസ് യൂണിറ്റിന് തദ്ദേശ സ്ഥാപനം വഴി നൽകുന്നതാണ്. അധികമായി വരുന്ന തുക പ്രാദേശിക സ്പോൺസർഷിപ്പുകൾ വഴിയോ, തദ്ദേശ സ്ഥാപനത്തിന്റെ തനതു ഫണ്ടിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ഭാഗമായി എൻ.എസ്.എസ് ഏറ്റെടുക്കുന്ന സ്നേഹാരാമങ്ങൾക്കായി തദ്ദേശ സ്ഥാപനം നേതൃത്വം നൽകേണ്ട പ്രവർത്തനങ്ങൾ താഴെ

കൊടുക്കുന്നു.

- ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുമായി കൂടിയോലോചന നടത്തി തങ്ങളുടെ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ സ്നേഹാരാമങ്ങളുടെ പ്രവർത്തനം നടത്തുന്നതിന് നിശ്ചയിക്കപ്പെട്ട എൻ.എസ്.എസ് യൂണിറ്റ് ഏതെന്ന് മനസിലാക്കുകയും ബന്ധപ്പെട്ട എൻ.എസ്.എസ് പ്രോഗ്രാം ഓഫീസറുടേയും, യൂണിറ്റ് സെക്രട്ടറിയുടേയും മറ്റും യോഗം തദ്ദേശ സ്ഥാപന അധ്യക്ഷന്റെ നേതൃത്വത്തിൽ വിളിച്ച് കൂട്ടി പ്രവർത്തനങ്ങളും, ഉത്തരവാദിത്വങ്ങളും നിശ്ചയിക്കുക.

- സ്നേഹാരാമങ്ങൾക്കായി പൊതുജന ശ്രദ്ധകിട്ടുന്നതിനും നിലവിൽ ശോച്യാവസ്ഥയിലുള്ളതുമായ സ്ഥലം കണ്ടെത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തിൽ വൃത്തിയാക്കി എൻ.എസ്.എസ് യൂണിറ്റിന് കൈമാറ്റം നടത്തുകയും ചെയ്യുക.

- സ്നേഹരാമങ്ങളുടെ തുടർ സംരക്ഷണത്തിനുള്ള പിന്തുണാ സംവിധാനം ഉറപ്പാക്കുന്നതിനും പരിപാലനം ഉറപ്പാക്കുന്നതിനുമായി ഇതിന്റെ ഉത്തരവാദിത്തം അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപ്പിക്കുകയും എൻ.എസ്.എസുമായി സഹകരിച്ച് വാർഷിക പരിപാലനം ഉറപ്പാക്കുകയും ചെയ്യുക

- ശുചിത്വ മിഷൻ തയ്യാറാക്കുന്ന പോർട്ടലിൽ നിശ്ചയിച്ച പ്രദേശം ഫോട്ടോ സഹിതം അപ്‌ലോഡ് ചെയ്യുക

<u>സൗന്ദര്യവത്കരണത്തിനായുള്ള ധന സ്രോതസ്സ് സംബന്ധിച്ച്</u>

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, ശുചിത്വ മിഷനും ചേർന്ന് പ്രാദേശികമായി സ്പോൺസറിനെ കണ്ടെത്തുക.

- തദ്ദേശ സ്ഥാപനത്തിന്റെ തനതുഫണ്ട്.

- കൂടാതെ സ്നേഹാരാമങ്ങളുടെ പ്രവർത്തനത്തിനു വേണ്ടി മാത്രം സംസ്ഥാന ശുചിത്വ മിഷനിൽ നിന്ന് 5000 രൂപ പ്രസ്തുത എൻ എസ് എസ് യൂണിറ്റിന് തദ്ദേശ സ്ഥാപനം വഴി നൽകുന്നതാണ്.

മോടിപിടിപ്പിക്കൽ, സൗന്ദര്യവത്കരണം തുടങ്ങിയവയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ശുചിത്വ മിഷൻ ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗപ്പെടുത്താം.

<u>സമയക്രമം</u>

2023 ഒക്ടോബർ 2ന് തുടക്കം കുറിച്ച് 2024 ജനുവരി ഒന്നിന് സംസ്ഥാന തലത്തിൽ 3000 സ്നേഹാരാമങ്ങൾ പൂർത്തിയാക്കി നാടിന് സമർപ്പിക്കുക.

1. ഈ പ്രവർത്തനത്തിനായി പോർട്ടലിൽ അപ്ലോഡ് ചെയ്ത ഗാർബേജ് വൾണറബിൾ പോയിന്റുകൾ അല്ലെങ്കിൽ ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമാവുന്നതും ജനശ്രദ്ധ കിട്ടുന്നതുമായ മാലിന്യ നിക്ഷേപ പ്രദേശങ്ങൾ (ഹോട്ട് സ്പോട്ടുകൾ) കണ്ടെത്തി അവയുടെ ലൊക്കേഷൻ വിശദാംശങ്ങൾ വിവര ശേഖരണത്തിനായി ശുചിത്വ മിഷൻ ലഭ്യമാക്കുന്ന ഫോർമാറ്റിൽ സെപ്തംബർ 30നകം തദ്ദേശ സ്വയംഭരണ സ്ഥാപനം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ഇങ്ങനെ കണ്ടെത്തുന്ന ഓരോ സ്ഥലവും ഓരോ എൻ.എസ്.എസ് യൂണിറ്റുമായി ബന്ധപ്പെടുത്തേണ്ടതാണ്. ഇതിനായി ജില്ലാ ശുചിത്വ മിഷന്റെയും എൻ.എസ്.എസ് പ്രോഗ്രാം ഓഫീസറുടെയും സഹകരണം ഉറപ്പാക്കേണ്ടതാണ്. (സെപ്റ്റംബർ 25-30 )

3. ഓരോ സ്ഥലത്തേക്കും ശുചിത്വ മിഷൻ ഫണ്ടിന് പുറമെ അധിക ചിലവുകൾ ഏറ്റെടുക്കുന്നതിന് ഒരു സ്പോൺസറെ കണ്ടെത്തേണ്ടതാണ്.

(സെപ്തംബർ 25-30 )

4. ഫണ്ട് ലഭ്യതക്കനുസരിച്ച് സൗന്ദര്യവൽക്കരണ പ്ലാൻ തയ്യാറാക്കി പ്രവർത്തനം തുടങ്ങാവുന്നതാണ്.

(ഒക്ടോബർ 2 മുതൽ ഡിസംബർ 28 വരെ)

5. പ്രാദേശിക ഉദ്ഘാടനം ജനുവരി 1-ന് നടത്തേണ്ടതാണ്.

6. കൃത്യമായ പരിപാലന പ്ലാനും ചുമതലയും തയ്യാറാക്കി തുടർ പരിപാലനം ഉറപ്പാക്കണം.

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്ഥാപന തലത്തിൽ എൻ.എസ്.എസ് മുഖേന നടത്താവുന്ന മറ്റു പ്രവർത്തനങ്ങൾ.

- മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടക്കുന്ന ഐ.ഇ.സി പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസ് യൂണിറ്റുകളെ ഉൾപ്പെടുത്തൽ
- ഹരിതമിത്രം ആപ്പ് ജനകീയ വിദ്യാഭ്യാസ പരിപാടിയിൽ പ്രയോജനപ്പെടുത്തൽ
- എം.സി.എഫ്/ആർ.ആർ.എഫ്/ കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകൾ എന്നിവ സന്ദർശിച്ച് അവസ്ഥാ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാൻ എൻ.എസ്.എസ് വോളന്റിയർമാരെ പ്രയോജനപ്പെടുത്തൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ

പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എൻ.എസ്.എസ് പ്രവർത്തന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ.

- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള ജനങ്ങളുടെ മനോഭാവത്തിന് മാറ്റം വരുത്തുന്നതിന് തദ്ദേശ സ്ഥാപന പരിധിയിൽ ബഹുജന വിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്യുന്നതിന് എൻ.എസ്.എസ്-ന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കൽ.

എൻ.എസ്.എസ് യൂണിറ്റുകൾ മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും പൂർണ പിന്തുണ ഉണ്ടാകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
9. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും

14. എല്ലാ തദ്ദേശ സ്വയ ഭരണ വകുപ്പ് ജില്ല ജോയിന്റ് ഡയറക്ടർമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba S C
Date: 25-09-2023 10:39:32
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1 . ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എയ്ക്ക്